**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 769** **08-10-2024 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹായവും ലാഭവിഹിതവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും കേരള ബാങ്കിലുള്ള ഓഹരി പിൻവലിക്കുന്നതും എണ്ണം കുറയ്ക്കുന്നതും സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ നിയമം വകുപ്പ് 24 പ്രകാരം ഓഹരി എടുത്ത് എറ്റവും കുറഞ്ഞത് 3 വർഷത്തിന് ശേഷം ബന്ധപ്പെട്ട സംഘങ്ങളുടെ നിയമാവലി പ്രകാരം പിൻവലിക്കാവുന്നതാണ്. എന്നാൽ ബാങ്കിന്റെ മൂലധന പര്യാപ്തത ഉറപ്പാക്കി മാത്രമേ ഓഹരി പിൻവലിക്കുന്നതിന് അനുവദിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ പ്രത്യേകിച്ച് നിയന്ത്രണം ഏർപ്പെടുത്താൻ ബാങ്ക് ഉദ്ദേശിക്കുന്നില്ല. |
| (ബി) | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേരള ബാങ്ക് ലാഭവിഹിതം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കേരള ബാങ്ക് രൂപീകരണ സമയത്ത് ബാങ്കിനുണ്ടായിരുന്ന സഞ്ചിത നഷ്ടം നികത്തി ലാഭ വിഹിതം അംഗ സംഘങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ കേരള ബാങ്ക് സ്വീകരിച്ച് വരികയാണ്. |
| (സി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് ജില്ലാ ബാങ്കുകളുടെ മാതൃകയിൽ പ്രത്യേക സഹായം അനുവദിക്കുന്നതിനും ലാഭവിഹിതം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിന് കേരള ബാങ്ക് പ്രത്യേക പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കി വരുന്നു. കൂടാതെ പ്രാഥമിക സംഘങ്ങളുടെ പ്രശ്നങ്ങൾ യഥാസമയം വിലയിരുത്തുന്നതിനായി താലൂക്ക്-ജില്ലാ-മേഖലാ തലത്തിൽ PACS അഡ്വൈസറി കമ്മിറ്റിയും ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ